# ശിർക്കിനെ അശേഷം നീക്കുന്ന ദുആയുടെ മഹത്വം

റസൂൽﷺ അബൂബകർ(رضي الله عنه)വിനോട് പറഞ്ഞു:

«والّذي نَفْسِي بِيَدِهِ لَلشِّرْكُ أَخْفَى مِنْ دَبِيبِ النَّمْلِ ، ألاَ أَدُلُّكَ عَلَى شَيْءٍ إذَا فَعَلْتَهُ ذَهَبَ عَنْكَ قَلِيلُهُ وَكَثِيرُهُ؟ قُلْ: اللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأنا أَعْلَمُ، وَأَسْتَغْفِرُكَ لِمَ لاَ أَعْلَمُ»

«അബൂബക്കർ, എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണ് സത്യം നിശ്ചയം, ശിർക്ക് ഉറുമ്പ് അരിക്കുന്നതിനേക്കാൾ ഗോപ്യമാണ്. താങ്കൾക്ക് ഒരു കാര്യം ഞാൻ അറിയിച്ച് തരട്ടയോ? താങ്കൾ അത് പ്രവർത്തിച്ചാൽ ശിർക്ക് കുറച്ചായാലും കൂടുതലായാലും, താങ്കളിൽ നിന്ന് പോയിടും. (പ്രവാചകൻ) പറഞ്ഞു: താങ്കൾ പറയുക:

**اللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأَنَا أَعْلَمُ، وَأَسْتَغْفِرُكَ لِمَا لاَ أَعْلَمُ**

“അല്ലാഹുവേ, ഞാൻ അറിഞ്ഞുകൊണ്ട് നിന്നിൽ പങ്കുചേർക്കുന്നതിൽനിന്ന് ഞാൻ നിന്നിലഭയം തേടുന്നു, ഞാനറിയാത്തതിൽ നിന്ന് നിന്നോട് ഇസ്തിഗ്ഫാറിനെ തേടുകയും ചെയ്യുന്നു» [1]

അമീർ നായിഫ് ഇബ്നു മംദൂഹ് ആലു സുഊദിന്റെ ‘ഫുറസ്വു കസ്ബി ഥവാബ്” എന്ന ഗ്രന്ഥത്തിൽ നിന്ന്
വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല

[1] അദബുൽ മുഫ്റദ്, ബുഖാരി. അൽബാനി ‘സ്വഹീഹ് ’ ആക്കിയിട്ടുണ്ട്

www.salafivoice.com